**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2244 15.07.2011- ൽ മറുപടിക്ക്**

**ഫ്ളെഡ് റിലീഫ് വർക്കുകളുടെ എണ്ണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജി. സുധാകരൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br><br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | 2006-2011 കാലയളവിൽ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിൽ ഓരോന്നിലും അനുവദിച്ച ഫ്ളെഡ് റിലീഫ് വർക്കുകളുടെ എണ്ണവും ആകെ തുകയും വിശദമാക്കുമോ; | | (എ)യും (ബി)യും (സി)യും (ഡി)യും (ഇ)യും എഫും<br><br>പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. പ്രസ്തുത തുക അനുവദിക്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഇതിൽ എത്ര റോഡുകൾ ഓരോ മണ്ഡലത്തിലും നിർമ്മിച്ചു; ഓരോ മണ്ഡലത്തിലും ആകെ എന്തു തുക ചെലവഴിച്ചു; | | |
| (സി) | ഓരോ മണ്ഡലത്തിലും നിർമ്മിക്കാത്ത റോഡുകളുടെ എണ്ണവും അവയ്ക്കായി ചെലവഴിക്കാത്ത തുകയും എത്രയെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | 2001-2006 കാലയളവിൽ പഴയ അമ്പലപ്പുഴ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ അനുവദിച്ച ഫ്ളെഡ് റിലീഫ് വർക്കുകളുടെ എണ്ണവും ആകെ തുകയും വ്യക്തമാക്കുമോ; | | |
| (ഇ) | ഇതിൽ എത്ര റോഡുകൾ നിർമ്മിച്ചു; അതിന് എന്തു തുക ചെലവായി; എത്ര റോഡുകൾ നിർമ്മിച്ചില്ല; എത്ര രൂപ ചെലവഴിച്ചില്ല; | | |
| (എഫ്) | പ്രസ്തുത കാലയളവിൽ എം.എൽ.എ ശ്രീ. ഡി. സുഗതൻ രാജിവച്ച ശേഷം എത്ര റോഡുകൾ ഈ പദ്ധതിയിൽ അനുവദിച്ചു; അതിന്റെ അടങ്കൽ എത്രയാണ്? | | |

സെക്ഷൻ ഓഫീസർ